**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5965** **16-03-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വിൽപ്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ചുള്ള ലഹരി വിൽപ്പന തടയാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ശക്തിപ്പെടുത്തുവാനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ചുള്ള ലഹരി വിൽപ്പന തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സ്കൂൾ, കോളേജ് പരിസരം കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലും, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിലും, കുട്ടികൾ കൂട്ടംകൂടിയിരിക്കാൻ സാദ്ധ്യതയുള്ള മൈതാനങ്ങൾ, പഴയ കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവിടങ്ങളിലും പോലീസ്, ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളുമായി ചേർന്നും, ജനകീയ പങ്കാളിത്തത്തോടും, പി.ടി.എ.യുടെ സഹകരണത്തോടും കൂടി പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്കൂൾ, കോളേജ് പരിസരത്തെ സ്ഥാപനങ്ങളിലെ സി.സി.ടി.വി. ഫൂട്ടേജുകൾ പരിശോധിച്ച് സംശയം തോന്നുന്ന തരത്തിലുള്ള വ്യക്തികൾ ടി സ്ഥാപനങ്ങളിൽ വന്നുപോകുന്നുവെങ്കിൽ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും സഹകരണത്തോടുകൂടി രഹസ്യ വിവരങ്ങൾ ശേഖരിച്ച് ലഹരി വസ്തുക്കൾ സൂക്ഷിക്കുകയും ഉപയോഗിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നവർക്കെതിരെ അബ്കാരി, എൻ.ഡി.പി.എസ്., കോട്പ ആക്ടുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ലഹരിമുക്തമാക്കുന്നതിനായി നടത്തി വരുന്ന വിമുക്തി/എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും, വിദ്യാർത്ഥികൾ സ്കൂളുകളിലേക്ക് പോകുന്ന വഴികളിലും ബസ് സ്റ്റോപ്പുകളിലും, മയക്കു മരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള മറ്റ് സ്ഥലങ്ങളിലും നിരീക്ഷണം നടത്തി വരുന്നു. എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ട്. വിദ്യാർത്ഥികളിൽ ലഹരി മരുന്നിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിനു സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നതു കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി വരുന്നു. ലഹരി കേസുകളിൽ പിടിക്കുട്ടുന്ന യുവാക്കളുടെ ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ച് എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ അവരെ നിരന്തരം നിരീക്ഷിച്ചുവരുന്നു. സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിച്ച് ആയതിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഡ്രഗ് ഫ്രീ ക്യാമ്പസ് എന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ? | (ബി) | സ്കൂൾ കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിൽപനയും ഉപയോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരി മുക്തമാക്കുന്നതിനായി നടത്തി വരുന്ന വിമുക്തി/ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും, മറ്റ് സ്ഥലങ്ങളിലും നിരീക്ഷണം നടത്തി വരുന്നു. എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ട്.<br><br>സ്കൂൾ PTA, സ്കൂൾ പരിസരത്ത് കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ജനജാഗ്രതാ കമ്മിറ്റികൾ രൂപീകരിച്ച് എല്ലാ സ്കൂളുകളിലും പ്രവർത്തിച്ചുവരുന്നു. വിദ്യാലയ പരിസരങ്ങളിൽ ലഹരി ഉപയോഗം നടക്കുന്ന ഹോട്സ്പോട്ടുകൾ കണ്ടെത്തുന്നതിനായി പി.ടി.എ. യുടെ സഹായത്തോടെ ആകസ്മിക പരിശോധനകൾ നടത്തുകയും, കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കോളേജ് തലത്തിലെ ലഹരി ഉപയോഗം തടയുന്നതിന് കോളേജ് |

| | | | |
|---|---|---|---|
| | | | ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരുകളിൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് 500 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കി വരികയാണ്. പഠനം കഴിഞ്ഞുള്ള സമയം വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അനഭിലക്ഷണീയ പ്രവണതകളിലേക്ക് പോകാതിരിക്കുക എന്നതാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ